LIBRARY ARCHIVES Kerala Legislative Assembly

വികസന പ്രവർത്തനങ്ങൾ

231 (1609) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗ സംരക്ഷണ വകുപ്പ് മുഖേനയും, പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയും ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയത് എത്ര രൂപയുടെ പ്രവൃത്തികളാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പ് മുഖേന ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ആകെ 58,24,125 രൂപ (അൻപത്തിയെട്ട് ലക്ഷത്തി ഇരുപത്തിനാലായിരത്തി ഒരുനൂറ്റി ഇരുപത്തിയഞ്ച് രൂപാ മാത്രം)-യുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ "കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി" നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൂയപ്പള്ളി ഗവൺമെന്റ് ഹൈസ്കൂൾ, ചിതറ എസ്.എൻ. ട്രസ്റ്റ് ഹയർ സെക്കണ്ടറി സ്കൂൾ, ചെമ്പകശ്ശേരി യു.പി./ഹൈസ്കൂൾ, കല്ലുവാതുക്കൽ യു.പി. സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട 2662 വിദ്യാർത്ഥികൾക്ക് 3 കോഴി, 3 കിലോ കോഴിത്തീറ്റ, മരുന്നുകൾ എന്നീ ക്രമത്തിൽ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 8,22,558 രൂപ ഈ നിയോജക മണ്ഡലത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ക്ഷീര മേഖല

232 (1610) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ ലഭ്യതക്കുറവും വിലവർദ്ധനയും ക്ഷീര മേഖലയിലുണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് വിശദീകരിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പാലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പാലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചും നിലവിൽ നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചും വിശദീകരിക്കാമോ;

(ഡി) ക്ഷീരമേഖലയിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പറയാമോ;

(ഇ) ക്ഷീരകർഷകരെ സഹായിക്കാനുള്ള പ്രഖ്യാപനങ്ങൾ കടലാസിലൊതുങ്ങിയതോടെ കർഷകരും ചെറുകിട ക്ഷീരസഹകരണ സംഘങ്ങളും പ്രതിസന്ധിയിലായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കാലിത്തീറ്റയുടെ ലഭ്യതക്കുറവും വിലവർദ്ധനയുംമൂലം ഉൽപ്പാദനച്ചെലവ് വർദ്ധിക്കുകയും തന്മൂലം കർഷകർക്ക് വരുമാനം കുറയുകയും ചെയ്യുന്നു. ഇതുമൂലം ഈ മേഖലയോട് വിട പറയുന്ന കർഷകരുടെ എണ്ണം കൂടി വരുന്നു.

(ബി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. മൃഗസംരക്ഷണ വകുപ്പ് എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മൃഗ ചികിത്സാ സേവനവും കൃത്രിമ ബീജാധാന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

2. ക്ഷീരോൽപ്പാദനത്തിൽ മുന്നിൽ നിൽക്കുന്ന 50 ബ്ലോക്കുകളിൽ രാത്രികാല വെറ്ററിനറി സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.

3. സംസ്ഥാനത്തുണ്ടാകുന്ന സങ്കരവർഗ്ഗത്തിൽപ്പെട്ട കന്നുകുട്ടികൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ പോഷകാഹാരം നൽകുന്നു. ഗോവർദ്ധിനി/ കന്നുകുട്ടി പരിപാലനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

4. എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കണ്ണൂർ, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ക്ഷീരകർഷകർക്ക് എരുമകളെ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കുട്ടനാട് പാക്കേജ് മുഖേന ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ പശുക്കളേയും എരുമകളേയും വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകി, തൊഴുത്ത് നിർമ്മാണം, മാലിന്യനിർമ്മാർജ്ജനം, അസോളകൃഷി എന്നിവയ്ക്കും സാമ്പത്തിക സഹായം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

5. പശുക്കളേയും എരുമകളേയും ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുന്നതിനും

6. ക്ഷീരോൽപ്പാദന വർദ്ധനവിന് ആവശ്യമായ ശാസ്ത്രീയമുറകളെക്കുറിച്ച് കർഷകർക്ക് പരിശീലന പരിപാടികൾ നടത്തിവരുന്നു.

7. കന്നുകാലികൾക്ക് കുളമ്പുരോഗം ഉൾപ്പെടെ സാംക്രമികരോഗങ്ങൾക്ക് സമഗ്രവാക്സിനേഷൻ പരിപാടി നടപ്പാക്കുന്നു.

8. പ്രകൃതി ദുരന്തങ്ങൾ, കുളമ്പുരോഗബാധ എന്നിവമൂലം കറവപ്പശുക്കൾ മരണപ്പെട്ടാൽ ഉടമസ്ഥർക്ക് സാമ്പത്തിക സഹായം നൽകുന്നു.

ക്ഷീര വികസന വകുപ്പ് താഴെപ്പറയുന്ന പരിപാടികൾ നടപ്പാക്കിവരുന്നു. കർഷകർക്ക് ലാഭകരമായ ക്ഷീരോൽപ്പാദനത്തിന് പ്രചോദനം നൽകുക, ഉൽപ്പാദനക്ഷമതകൂടിയ കറവപ്പശുക്കളെ ലഭ്യമാക്കി പാലുൽപ്പാദനം വർദ്ധിപ്പിക്കുക, ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാരമുള്ള പാൽ സഹകരണ മേഖലയിലൂടെ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ, സംസ്ഥാനത്തിനകത്തുനിന്ന് ഉൽപ്പാദനക്ഷമത കൂടിയ കറവപ്പശുക്കളെ വളർത്തിയെടുക്കുക, കിടാരി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക, വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനത്തിലേയ്ക്ക് മാറുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്വയം സഹായ സംഘങ്ങൾ, വിവിധ ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, മിൽമ മേഖലാ യൂണിറ്റുകൾ, കെ.എൽ.ഡി. ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ക്ഷീരവികസന വകുപ്പുമായി സഹകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. മിൽമയുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി* നൽകിയിരിക്കുന്നു. കേരള ഫീഡ്സ് കമ്പനിയുടെ പ്രതിദിന ഉൽപ്പാദനം 500 ടണ്ണിൽനിന്നും 1000 ടണ്ണായി ഉയർത്തിയിട്ടുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ തോതിൽ ലഭ്യമാക്കുന്നതിന് നിലവിലുള്ള യൂണിറ്റുകൾക്ക് പുറമേ കേരളാ ഫീഡ്സ്, കോഴിക്കോട് യൂണിറ്റ് പരീക്ഷണാടിസ്ഥാനത്തിൽ ഉൽപ്പാദനം സഹായം ആരംഭിച്ചു കഴിഞ്ഞു. ഇടുക്കി ജില്ലയിൽ പുതിയ ഫാക്ടറിയുടെ നിർമ്മാണം നടന്നു വരുന്നു.

(സി) ക്ഷീരവികസന വകുപ്പുവഴി 2015-16-ൽ നടപ്പാക്കിവരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗ്രാമീണ ക്ഷീരവിജ്ഞാപനവ്യാപനവും ഉപദേശക സർവ്വീസുകളും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായവും ഗുണമേന്മ മെച്ചപ്പെടുത്തലും

3. മിൽക്ക് ഷെഡ് വികസന പദ്ധതി

4. തീറ്റപ്പുൽ കൃഷി വികസന പദ്ധതി

5. കാലിത്തീറ്റ സബ്സിഡി.

ക്ഷീരകർഷക ക്ഷേമനിധി മുഖാന്തരം അംഗങ്ങളായവർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവിധ ക്ഷേമപരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.

മൃഗസംരക്ഷണ വകുപ്പ് ഏറ്റവും നല്ല ക്ഷീര കർഷകർക്ക് സംസ്ഥാന/ ജില്ലാതലത്തിൽ അവാർഡും സാമ്പത്തിക സഹായവും നൽകുന്നു. സംസ്ഥാന തലത്തിൽ ഏറ്റവും മികച്ച കൊമേഴ്സ്യൽ ഡയറി ഫാർമർക്ക് അവാർഡും സാമ്പത്തിക സഹായവും നൽകുന്നു. മിൽമയുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി* നൽകിയിരിക്കുന്നു.

(ഡി) കാലിത്തീറ്റയുടെ വിലവർദ്ധനവ്, വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവ്, നഗരവൽക്കരണംമൂലം ഗണ്യമായി കുറഞ്ഞുവരുന്ന മേച്ചിൽപ്പുറങ്ങളും തീറ്റപ്പുൽ/ ഫോഡർ കൃഷിക്കുപയുക്തമാക്കുവാൻ കഴിയുന്ന സ്ഥലങ്ങളും നെൽകൃഷിയിൽ വൻതോതിലുണ്ടായ കുറവുമൂലം സംസ്ഥാനത്ത് വയ്ക്കോലിന്റെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവ്, മലിനീകരണ പ്രശ്നങ്ങൾ, കാലികളുടെ കുറഞ്ഞ ഉൽപ്പാദനക്ഷമത, കാർഷിക വായ്പയ്ക്ക് അധിക പലിശ, വൈദ്യുതി ചാർജ്ജ് ഫാമുകൾക്ക് കൂടുതലാകുന്നത് എന്നിവയാണ് ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ.

മിൽമയുടെ കീഴിലുള്ള ക്ഷീരസംഘങ്ങളിലെ ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നം മൃഗചികിത്സയും കൃത്രിമബീജധാനവുമായി ബന്ധപ്പെട്ടവയാണ്. 24 മണിക്കൂറും ചികിത്സാ സൗകര്യവും കൃത്രിമ ബീജധാന സൗകര്യവും ലഭ്യമല്ലാത്തത് കാലിസമ്പത്തിന്റെ വികാസത്തിനും ഉൽപ്പാദന വർദ്ധനവിനും തടസ്സമാണ്. ഉൾനാടൻ ജില്ലകളിൽ സർക്കാർ സംവിധാനത്തിലൂടെ പശുക്കൾക്കുള്ള കൃത്രിമബീജധാന സൗകര്യം തൃപ്തികരമല്ലാത്ത രീതിയിൽ ആകയാൽ ക്ഷീരസംഘങ്ങൾ കേന്ദ്രമാക്കി ക്ഷീരസംഘ ജീവനക്കാരെ പരിശീലിപ്പിച്ചുകൊണ്ട് ബീജസങ്കലന സൗകര്യങ്ങൾ ലഭ്യമാക്കണം. പശുക്കളെ വാങ്ങുന്നതിനുള്ള ലോണുകളുടെ പലിശ നിരക്കുകൾ 11 മുതൽ 15 ശതമാനം വരെയാണ്.

(ഇ) ക്ഷീരകർഷകരെ പരമാവധി സഹായിക്കുന്നുള്ള പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly